# കേരള
# പ്രൈവററ് കോളേജ്
# ടീച്ചർ

എ. കെ. പി. സി. ടി. എ. ജേർണൽ
1980 ജൂലൈ

## മെമ്പർഷിപ്പ്

എ. കെ. പി. സി. ടി. എ. മെമ്പർഷിപ്പു തുക എത്രയും വേഗം സംസ്ഥാന ട്രഷാറുടെ പേർക്ക് അയയ്ക്കുക.

മേൽവിലാസം :

പ്രൊഫ. എൻ. ഭാർഗവൻ
എസ്. എൻ. കോളേജ്, വർക്കല.

## ജേർണൽ വരിസംഖ്യ

പല അംഗങ്ങളുടേയും വാർഷിക വരിസംഖ്യയുടെ കാലാവധി ഈ ലക്കത്തോടെ തീരുകയാണ്. അഞ്ചുരൂപ നൽകി അതു പുതുക്കാൻ ശ്രദ്ധിക്കുമല്ലോ. വരിസംഖ്യ പിരിച്ചയയ്ക്കുന്ന കാര്യത്തിൽ യൂണിററ് സെക്രട്ടറിമാരുടെ പ്രത്യേക ശ്രദ്ധയുണ്ടാകണം. അംഗങ്ങൾക്ക് ജേർണൽ നേരിട്ട് എത്തിച്ചുകൊടുക്കാനുള്ള സൗകര്യം ഇപ്പോഴുള്ളതുകൊണ്ട് ഓരോരുത്തരുടേയും മേൽവിലാസം അയച്ചുതരണം.

## വാർത്തകൾ, ലേഖനങ്ങൾ

സംഘടനാ പ്രവർത്തനത്തിൻെറ റിപ്പോർട്ടുകൾ ജേർണലിൽ പ്രസിദ്ധീകരിക്കാനായി അയയ്ക്കുക. വിദ്യാഭ്യാസസംബന്ധമായ ലേഖനങ്ങളും എത്തിച്ചുതരണം.

## ഷിഫ്ററ്, കേന്ദ്രീകൃത വാലേഷൻ

അംഗങ്ങൾക്ക് ധാരാളം അഭിപ്രായങ്ങൾ ഷിഫ്ററിനെപ്പററിയും കേന്ദ്രീകൃത വാലേഷനെപ്പററിയും ഉണ്ടാകുമല്ലോ. അവ ചെറിയ ലേഖനത്തിൻെറ രൂപത്തിലാക്കി അയച്ചുതന്നാൽ ജേർണലിൽ പ്രസിദ്ധീകരിക്കാൻ കഴിയും. അതുവഴി ഈ പ്രശ്നങ്ങളെക്കുറിച്ച് ഒരു തുറന്ന ചർച്ചയ്ക്കുള്ള അവസരവും ഉണ്ടാകും.

## കത്തുകൾ :

ജേർണൽ സംബന്ധമായ കത്തുകൾ ചീഫ് എഡിററർക്ക് അയയ്ക്കുക.

മേൽവിലാസം :

ചീഫ് എഡിററർ
'കേരള പ്രൈവററ് കോളേജ് ടീച്ചർ'
വസന്തം
ചെമ്പകശ്ശേരി ലെയിൻ
കേശവദാസപുരം
തിരുവനന്തപുരം—4.


എ. കെ. പി. സി. ടി. എ.
വെൽഫയർ ട്രസ്ററ്

പ്രൈവററ്കോളേജ്
അധ്യാപകർക്കുള്ള

ഏററവും വലിയ

സുരക്ഷിതത്വ പദ്ധതി

സർവ്വീസിലിരിക്കെ
മരണമടയുന്നവരുടെ

ആശ്രിതർക്ക്

പതിനായിരം രൂപ

ധനസഹായം ലഭിയ്ക്കുന്നു

ജോലിചെയ്യാൻ കഴിയാത്ത
വിധത്തിൽ രോഗബാധിതരാകുന്ന
വർക്കും ധനസഹായം.

Registered. No. KL/TV/237

കേരള
പ്രൈവററ് കോളേജ്
ടീച്ചർ

എ. കെ. പി. സി. ടി. എ.
ജേർണൽ

19

1980 ജൂലൈ

വാർഷികവരിസംഖ്യ
അഞ്ചു രൂപ

ഒററപ്രതി :
അമ്പതു പൈസ

പത്രാധിപസമിതി

വി. നാരായണൻകുട്ടി
ജി. മാധവൻനായർ
എൻ. ഭാർഗവൻ
എം. ആർ. ചന്ദ്രശേഖരൻ
പി. രവീന്ദ്രനാഥ്
വി. എൻ. മുരളി
(ചീഫ് എഡിററർ)

# ആഗസ്ററ് 5ന് ധർണ

സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ ആഗസ്ററ് അഞ്ചാം തിയതി ജില്ലാ കേന്ദ്രങ്ങളിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള കൂട്ടധർണയും പ്രകടനവും വിജയിപ്പിക്കാൻ രംഗത്തിറങ്ങുക. കഴിഞ്ഞ വർഷം ജൂലൈ നാലിനാരംഭിക്കാനിരുന്ന അനിശ്ചിതകാല പണിമുടക്കൊഴിവാക്കാൻ സർക്കാരുമായുണ്ടാക്കിയ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കി കിട്ടുന്നതിന് പല ഘട്ടങ്ങളിലായി നമ്മൾ സമരംചെയ്തു. 'അവകാശങ്ങൾക്കൊരു സമരം അതു നടപ്പിലാക്കാൻ മറെറാരു സമരം' എന്ന മുദ്രാവാക്യം ജീവനക്കാർക്കു വിളിക്കേണ്ടി വരുന്ന സാഹചര്യം ഇവിടെ വ്യക്തമാണല്ലോ. ഒരു വർഷം മുമ്പുണ്ടായ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കി കിട്ടാനുള്ള സമരത്തിന്റെ പുതിയൊരു ഘട്ടമായിട്ടാണ് ആഗസ്ററ് അഞ്ചിന്റെ ധർണയും പ്രകടനവും.

സർക്കാരുമായി സംയുക്ത സമരസമിതി കഴിഞ്ഞ ഏപ്രിൽ പതിനെട്ടിന് ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയിൽ പല കാര്യങ്ങളും തീരുമാനമായതാണ്. നോൺകേഡർ പ്രൊഫസർഷിപ്പിന് ജൂനിയർ ലക്ചറർ സർവ്വീസ്കൂടി പരിഗണിച്ചുകൊണ്ടും, ഫിസിക്കലെഡ്യൂക്കേഷൻ അധ്യാപകരെ തരംതാഴ്ത്തിയ നടപടി തിരുത്തിക്കൊണ്ടും ഒരുമാസത്തിനകം ഓർഡർ ഇറങ്ങുമെന്നായിരുന്നു ചർച്ചയിൽനിന്നും നമുക്കുണ്ടായ ധാരണ. വിശദമായ പരിശോധന വേണ്ടിവരുന്ന പ്രശ്നങ്ങളിൽ മൂന്നുമാസത്തിനകം ഉത്തരവു പുറപ്പെടുവിക്കുന്നതാണെന്നും ഗവൺമെൻറ് പറഞ്ഞിരുന്നു. വൈസ് നോൺ, യൂണിവേർസിററി നിയമഭേദഗതി എന്നിവയെപ്പററി എത്രയും വേഗം തീരുമാനമെടുക്കുന്നതാണെന്നും അറിയിപ്പുണ്ടായി. എന്നാൽ ചർച്ചയിലുണ്ടായ പ്രതീക്ഷകൾക്ക് ആകെ മങ്ങലേൽപിക്കുന്ന തരത്തിലാണ് പിന്നീട് കാര്യങ്ങൾ നീങ്ങിയത്. ചർച്ചയുടെ മിനിട്ട്സ് കിട്ടാൻ തന്നെ നാൽപതിലേറെ ദിവസം കാത്തിരിക്കേണ്ടിവന്നു. കിട്ടിയപ്പോഴോ, നടന്ന ചർച്ചയിലെ

തീരുമാനങ്ങരം പലതും വളച്ചൊടിച്ച് എഴുതിപ്പിടിപ്പിച്ചിരിക്കുന്നു!

നാലു ലക്ഷത്തിൽപ്പരം ജീവനക്കാരെ പ്രതിനിധീകരിക്കുന്ന സംയുക്ത സമരസമിതിയുമായി ഗവൺമെൻറു നടത്തുന്ന ചർച്ചകളിലെ തീരുമാനങ്ങരം അതർഹിക്കുന്ന ഗൗരവത്തോടെ നടപ്പിലാക്കാനുള്ള ബാദ്ധ്യത ഗവൺമെൻറിനുണ്ട്. ഒരു മാസത്തിനകം ഉത്തരവ്, മൂന്നുമാസത്തിനകം ഉത്തരവ് എന്നൊക്കെ ഗവൺമെൻറ് തരുന്ന ഉറപ്പുകരംക്ക് ജീവനക്കാർ അതിൻേറതായ വില കല്പിക്കുന്നുണ്ട്. ചർച്ച കഴിഞ്ഞിട്ട് ഇന്നിപ്പോരം മൂന്നുമാസം കടന്നുപോയിരിക്കുന്നു. ഒരുത്തരവും പുറത്തുവന്നില്ല! ജൂൺ 27ന് സെക്രട്ടറിയേററു നടയിൽ സമരസമിതി നേതാക്കരം ധർണ നടത്തി. എന്നിട്ടും യാതൊരു ചലനവും ഉണ്ടായിട്ടില്ല.

ശക്തമായ സമരപരിപാടികളേ ജീവനക്കാർക്കിനി മാർഗ്ഗമായിട്ടുള്ളൂ. അതിൻെറ തുടക്കമെന്ന നിലയിലാണ് ആഗസ്ററ് അഞ്ചിൻെറ ധർണയും പ്രകടനവും. അതു വിജയിപ്പിക്കുക. □

# പ്രൊഫ. വി. ആർ. എസ്.

പ്രൊഫ. വി. ആർ. സുബ്രഹ്മണ്യൻ അന്തരിച്ചിട്ട് ഒരു വർഷം തികയാറാകുന്നു. ഈ വരുന്ന ആഗസ്ററ് 7 ന് അദ്ദേഹത്തിൻെറ ഒന്നാം ചരമവാർഷികമാണ്. അധ്യാപക താൽപര്യത്തിനുവേണ്ടി സമർപ്പിതമായിരുന്ന പ്രൊഫ. വി. ആർ. എസ്സിൻെറ ജീവിതത്തെക്കുറിച്ചുള്ള സ്മരണ, സംഘടനാപ്രവർത്തനത്തിൽ കൂടുതൽ കൂടുതൽ ആഴ്ന്നിറങ്ങാൻ നമ്മെ പ്രേരിപ്പിക്കുന്നതാണ്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ മുന്നണിപ്പോരാളിയായിരുന്ന വി. ആർ. എസ്, താനുരംപ്പെടുന്ന പ്രൈവററ് കോളേജധ്യാപകവർഗ്ഗത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടിയും അതേ വീറോടും വാശിയോടും പൊരുതിയത് നമുക്കൊക്കെ മാർഗ്ഗദർശകമാകേണ്ടതാണ്. ഇന്നു നമുക്ക് ആവേശം പകരുന്ന എ. കെ. പി. സി. ടി. എ ഇത്തരത്തിൽ വളർത്തിയെടുക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് എക്കാലത്തും നമ്മരം ഓർക്കും. പ്രൈവററ് കോളേജധ്യാപക മേഖലയിൽ ആദ്യമുണ്ടായിരുന്ന രണ്ടു സംഘടനകളായ കെ. പി. സി. ടി. എ യും എം. പി. സി. ടി. എ യും ഒരുമിച്ചുചേർത്ത് 1958—ൽ എ. കെ. പി. സി. ടി. എ യ്ക്ക് രൂപം നൽകുന്നതിൽ പ്രൊഫ. വി. ആർ. എസ്സിനായിരുന്നു മുഖ്യപങ്ക്. അദ്ദേഹം തന്നെയായിരുന്നു എ. കെ. പി. സി. ടി. എ. യുടെ ആദ്യത്തെ ജനറൽ സെക്രട്ടറി. മാനേജരുടെ പീഡനങ്ങരം സഹിച്ച് നിശബ്ദ ജീവികളായിക്കഴിഞ്ഞിരുന്ന പ്രൈവററ് കോളേജധ്യാപകരെ ഒരുമിപ്പിക്കാനും, സംഘടിത സമരങ്ങളിലൂടെ അവകാശങ്ങരംക്കുവേണ്ടി പോരാടാനും പഠിപ്പിച്ചുവെന്നതാണ് അദ്ദേഹത്തിൻെറ മഹത്വം.

പ്രൊഫ. വി. ആർ. എസ്സിൻെറ പ്രവർത്തനശൈലിയിൽ നിന്നും പ്രചോദനമുൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുമെന്ന് ഈ സന്ദർഭത്തിൽ നമുക്കു പ്രതിജ്ഞയെടുക്കാം.

## ആർ. ആർ. സി.

എ. കെ. പി. സി. ടി. എ. ഒരു അവലോകനം—2

# ഡയറക്ട് പേമെൻറ് സമരം

ഗവർമ്മെണ്ട് കോളേജ് അദ്ധ്യാപകരുമായി ശമ്പളതുല്യത എന്ന ആവശ്യം, ശമ്പളത്തിൻെറ കാര്യത്തിൽ നാം മുന്നോട്ടുവെച്ചവയിൽ ആദ്യത്തേതായിരുന്നു. ഒരേ കമ്പോളത്തിൽ രണ്ടുതരം കച്ചവടം എന്ന അനീതിക്കെതിരായി നാം നടത്തിയ ദീർഘകാലത്തെ പ്രവർത്തനങ്ങളുടെ ഫലമായി നമ്മുടെ ശമ്പളക്കാര്യത്തിൽ സർക്കാരിനുകൂടി താൽപര്യമുള്ള ഗ്രാൻറ് — ഇൻ — എയ്ഡ് കോഡ് എന്ന സമ്പ്രദായം നിലവിൽവന്നു. ഗവർമ്മെണ്ട് കോളേജിനുള്ളിൽ അതതു കാലങ്ങളിൽ ഉണ്ടാകുന്ന ശമ്പളവർദ്ധനവ് ഗ്രാൻറ്—ഇൻ—എയ്ഡ് കോഡിൽ വേണ്ട മാററങ്ങൾ വരുത്തി നമുക്കും ബാധകമാക്കുന്ന ഒരു നയം ഗവർമെണ്ട് സ്വീകരിച്ചു. ഗ്രാൻറ് ഇൻ എയ്ഡ് കോഡ് നടപ്പിലാക്കിക്കൊണ്ട് സർക്കാർ അനുവദിച്ച ശമ്പളനിരക്കുകൾ സാമ്പത്തിക പരാധീനതയുടെ കാരണം പറഞ്ഞ് തങ്ങളുടെ കോളേജുകളിലെ അദ്ധ്യാപകർക്ക് കൃത്യമായി നൽകുവാൻ പ്രൈവററ് മാനേജുമെണ്ടുകൾ വൈമുഖ്യം കാണിച്ചു. ഈ ദുർവിധി, വേതനതുല്യതക്കുവേണ്ടി നാം നടത്തിയ പ്രവർത്തനങ്ങളെ നിഷ്ഫലമാക്കി. കേരളത്തിലെ പ്രമുഖ കോർപ്പറേററ് മാനേജുമെണ്ടുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപകർക്ക്, സർക്കാർ കോളേജ് അദ്ധ്യാപകർക്ക് ലഭിക്കുന്ന വർദ്ധിപ്പിച്ച ശമ്പളനിരക്കുകൾ വീണ്ടും വിദൂരസ്വപ്നമായിത്തീർന്നു. ദുർലഭം ചില യൂണിററി മാനേജുമെണ്ടുകളൊഴികെ മററുള്ളവയെല്ലാം കുടിശ്ശിക വരുത്തിയല്ലാതെ ശമ്പളം കൊടുക്കുകയില്ലെന്നത് ഒരു നയമായി സ്വീകരിച്ചു. സർക്കാർ വർദ്ധിപ്പിച്ച ശമ്പളം കിട്ടുകയില്ലെന്നതോ പോകട്ടെ, ഉള്ളത് കൃത്യസമയത്ത് കിട്ടുകയില്ലെന്ന ഗതികേടിലായി നാം. എട്ടും ഒമ്പതും മാസങ്ങൾ തുടർച്ചയായി ശമ്പളം ലഭിക്കുകയില്ല എന്നത് പ്രൈവററ് കോളേജുകളിൽ ഒരുകാലത്ത് സാധാരണ സംഭവമായിരുന്നു. വെക്കേഷൻ ശമ്പളം കൊടുത്തിരുന്ന മാനേജ്മെണ്ടുകൾ വളരെ വിരളമായിരുന്നു. ഭീമമായ ശമ്പളകുടിശ്ശികവരുത്തുന്ന മാനേജ്മെണ്ടുകൾ വല്ലപ്പോഴും 'കരുണാപൂർവ്വം' കൊടുക്കുന്ന ചില്ലറ കാശുകൾകൊണ്ട് പല കോളേജുകളിലെയും അദ്ധ്യാപകർക്ക് ജീവിക്കേണ്ടിവന്നു. അദ്ധ്വാനിച്ചതിൻെറ കൂലി ലഭിക്കാതെ, ജീവിതക്ലേശങ്ങളും സാമ്പത്തിക പരാധീനതകളുമായി നിരാശയുടെ നീർക്കയത്തിലെത്തിയ അദ്ധ്യാപകർ പല കോളേജുകളിലും A. K. P. C. T. A. യുടെ നേതൃത്വത്തിൽ സമാധാനപരമായ സമരപരിപാടികൾ ആവിഷ്കരിച്ചുനടപ്പാക്കി. 1960—കളിലെ ഒരു സാധാരണ സംഭവമായിരുന്നു ഇത്.

വർദ്ധിച്ച ശമ്പളനിരക്കുകൾ എപ്പോഴെങ്കിലും കൊടുക്കുവാൻ സന്നദ്ധരായാൽ, മുൻകാലകുടിശ്ശികകളൊക്കെ സംഭാവനയായി

കൊടുക്കണമെന്ന് ശഠിച്ചിരുന്ന മാനേജ്മെണ്ടുകൾ ഉണ്ടായിരുന്നു. ഒപ്പിടുന്നത് ഒരു തുകയ്ക്കും, കൈപ്പററുന്നത് മററൊരു തുകയും എന്ന സ്ഥിതി പ്രൈവററ് സ്കൂളുകളിൽ ഉണ്ടായിരുന്നതുപോലെ പ്രൈവററ് കോളേജുകളിലും നിലനിന്നിരുന്നു. സഹിക്കാനാവാത്ത ഈ ചൂഷണത്തിനും, അനീതിക്കും എതിരെ A. K. P. C. T. A. ക്ക് സുദീർഘവും ത്യാഗപൂരിതവുമായ ഒരു സമരപ്രസ്ഥാനം കെട്ടിപ്പടുക്കേണ്ടിവന്നു. ശമ്പളവിതരണത്തിൽ മാനേജ്മെണ്ടുകൾ നടത്തുന്ന ചൂഷണം എന്നെന്നേക്കുമായി അവസാനിപ്പിക്കണമെങ്കിൽ പ്രൈവററ് സ്കൂളുകളിൽ ഉള്ളതുപോലെ സർക്കാർ നേരിട്ട് ശമ്പളം തരുന്ന പദ്ധതി കോളേജുകളിലും നടപ്പിലാക്കുക തന്നെ വേണമെന്ന് നമുക്ക് ബോദ്ധ്യമായി. 1966—ലാണ് ഡയറക്ട്പേമെൻറ് എന്ന ആവശ്യം നാം ആദ്യമായി മുന്നോട്ടുവെച്ചത്. പക്ഷെ അന്ന് യു. ജി. സി. നിരക്കിലുള്ള ശമ്പളം നൽകാമെന്ന് ഗവർമെണ്ടും, കുടിശ്ശികവരുത്താതെ അത് തന്നുകൊള്ളാമെന്ന് മാനേജ്മെണ്ടുകളും ഉറപ്പുതന്നതിൻെറ വെളിച്ചത്തിൽ ഡയറക്ട് പേമെൻറിൻെറ കാര്യത്തിൽ നാം കൂടുതൽ നിർബന്ധം കാണിച്ചില്ല. എന്നാൽ പിന്നീടുള്ള കാലങ്ങളിൽ ശമ്പളകുടിശ്ശിക എന്നത് നിത്യ സത്യമാവുകയും, ജോലിചെയ്താൽപോലും ജീവിക്കുവാൻ വയ്യെന്ന ഒരു സാഹചര്യം ഉണ്ടാവുകയും ചെയ്തപ്പോൾ ഡയറക്ട് പേമെൻറ് കിട്ടേണ്ടത് നമ്മുടെ അടിയന്തിരമായ ഒരാവശ്യമായിത്തീർന്നു. 1970 ഒക്ടോബറിൽ മെച്ചപ്പെട്ട സേവനവ്യവസ്ഥകൾക്കും ഡയറക്ട് പേമെൻറിനും വേണ്ടി പണിമുടക്ക് സമരത്തിലേക്ക് ഇറങ്ങുവാൻതന്നെ നാം തീരുമാനിച്ചു. പണിമുടക്ക്നോട്ടീസ് നൽകിയതിനുശേഷം സർക്കാർ നടത്തിയ അനുരഞ്ജന സംഭാഷണങ്ങളുടെ ഫലമായി പാരിററിയും നോൺ കാഡർ പ്രൊഫസർഷിപ്പും അനുവദിക്കപ്പെട്ടു. ഡയറക്ട് പേമെൻറിൻെറ കാര്യത്തിൽ പത്മകുമാർ കമ്മീഷൻ റിപ്പോർട്ടിലെ വസ്തുതകൾ പരിശോധിച്ച് ഒരു തീരുമാനമെടുക്കുന്നതാണെന്ന സർക്കാർ ഉറപ്പിൻെറ അടിസ്ഥാനത്തിൽ പണിമുടക്ക് സംരംഭത്തിൽനിന്ന് നാം തൽക്കാലം പിൻവാങ്ങി. ഡയറക്ട് പേമെൻറ് നടപ്പിലാക്കുമ്പോൾ സർക്കാരിന് വമ്പിച്ച സാമ്പത്തികഭാരം വരുമെന്ന പത്മകുമാർ കമ്മീഷൻ റിപ്പോർട്ട് പഠിച്ച് ശുപാർശകൾ സമർപ്പിക്കുവാൻ ഏൽപിച്ച ജോർജ്ജ് ജേക്കബ് കമ്മററി ഡയറക്ട് പേമെൻറ് നടപ്പാക്കേണ്ടത് അത്യാവശ്യമാണെന്ന് അഭിപ്രായപ്പെട്ടിട്ടും സർക്കാർ ഇക്കാര്യത്തിൽ അവസാന തീരുമാനമെടുത്തില്ല. ഈ പരിതസ്ഥിതികളിലാണ് 1971 സെപ്തമ്പർ 15 മുതൽ അനിശ്ചിതകാലത്തേക്ക് പണിമുടക്കുവാൻ നാം തീരുമാനിച്ചത്. ഡയറക്ട് പേമെൻറ് നടപ്പിലാക്കിയാൽ ഗവർമെണ്ടിന് താങ്ങാനാവാത്ത സാമ്പത്തിക ഭാരമുണ്ടാകുമെന്ന വിശദീകരണവുമായി നമ്മോട് ഒരു കൂടിയാലോചനക്കുപോലും തയ്യാറാവാതെ നമ്മുടെ ആവശ്യം സർക്കാർ നിരാകരിച്ചു. എങ്കിലും അദ്ധ്യാപകരുടെ നിയമനത്തിലും, വിദ്യാർത്ഥി പ്രവേശനത്തിലും സർക്കാർ നിർദ്ദേശിക്കുന്ന നിയന്ത്രണങ്ങൾ അംഗീകരിക്കുന്ന കോളേജുകളിൽ ഡയറക്ട് പേമെൻറ് നടപ്പിലാക്കുവാൻ ഗവർമെണ്ട് തയ്യാറാണെന്നു പ്രസ്താവിച്ചു. മുഖ്യമന്ത്രിയുടെ പ്രസ്താവന വസ്തുതകൾക്ക് നിരക്കാത്തതാണെന്നും ഡയറക്ട് പേമെൻറ് ഉൾപ്പെടെ അസോസിയേഷൻ ഉന്നയിച്ചിരുന്ന അവകാശങ്ങൾ നേടിയെടുക്കുന്നതുവരെ പണിമുടക്കുമെന്നും അന്നത്തെ A. K. P. C. T. A. പ്രസിഡൻറ് പ്രൊഫ. കെ. എം. ചാണ്ടി പ്രഖ്യാപിച്ചു.

നമ്മുടെ പ്രശ്നങ്ങളുടെ പരിഹാരങ്ങൾക്ക് ഉതകുന്ന ഫലപ്രദമായ നിർദ്ദേശങ്ങളോ, കൂടിയാലോചനകളോ ഗവർമെണ്ടിൻെറ ഭാഗത്തുനിന്ന് വരാഞ്ഞതുമൂലം മുൻ നിശ്ചയമനുസരിച്ച് സെപ്തംബർ 15 മുതൽ നാം പണിമുടക്ക് ആരംഭിച്ചു. പണിമുടക്ക് നാം പ്രതീക്ഷിച്ചതിലേറെ വിജയമായിരുന്നു. അസോസിയേഷൻ അംഗങ്ങൾ നടത്തിയ പിക്കററിംഗ്മൂലം സമരത്തിൻെറ ആദ്യഘട്ടത്തിൽ തുറന്നു പ്രവർത്തിച്ചിരുന്ന വിരലിലെണ്ണാവുന്ന ചില വനിതാ കോളേജുകളും, ട്രെയിനിംഗ് കോളേജുകളും അധികം താമസിയാതെ അടയ്ക്കേണ്ടിവന്നു. തികച്ചും മൗലിക

വും ന്യായവുമായ അവകാശങ്ങൾ നേടിയെടുക്കുവാൻവേണ്ടി നാം നടത്തിയ ഈ സമരത്തിന് പണിമുടക്ക് തുടങ്ങുന്നതിനുമുമ്പ് തന്നെ ഭരണകക്ഷികളിലും പ്രതിപക്ഷകക്ഷികളിലുംപെട്ട എല്ലാവരും, എല്ലാ വിദ്യാർത്ഥി സംഘടനകളും നിർലോഭമായ സഹായവാഗ്ദാനങ്ങൾ നൽകി എന്നത് നമുക്കാവേശം പകർന്ന ഒരു വസ്തുതയായിരുന്നു. ഇതിന് മുമ്പ് നാം നടത്തിയ സമരങ്ങളിലൂടെയും, മററു പ്രവർത്തനങ്ങളിലൂടെയും പ്രൈവററ് കോളേജ് മാനേജുമെണ്ടുകളെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത പൊതുജനങ്ങളെ നമ്മൾ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടായിരുന്നു. പ്രൈവററ് കോളേജ് മാനേജുമെണ്ടുകൾ വിദ്യാഭ്യാസരംഗത്ത് നടത്തിക്കൊണ്ടിരിക്കുന്ന അഴിമതികൾക്കെതിരെ സമരം ചെയ്തിട്ടുള്ളതും A. K. P. C. T. A. യുടെ നേതൃത്വത്തിൽ മാത്രമാണ്. എന്നിരുന്നിട്ടും നമ്മുടെ സമരം ആരംഭിച്ചപ്പോൾ മുതൽ ചില പ്രത്യേക താൽപര്യക്കാർ A.K.P.C.T.A. മാനേജ്മെണ്ടുകളെ നിയന്ത്രിക്കുന്നതിന് എതിരാണെന്ന് ഒരു കുപ്രചരണം നടത്തിപ്പോന്നിരുന്നു. വാസ്തവത്തിൽ ഈ അസത്യപ്രചരണത്തിന് നേതൃത്വം നൽകിയ കേന്ദ്രങ്ങൾ തന്നെയായിരുന്നു മാനേജ്മെണ്ടുകളെ നിയന്ത്രിക്കുന്നതിന് എതിരായിരുന്നതും. പ്രൈവററ് കോളേജ് മാനേജ്മെണ്ടുകൾ നടത്തുന്ന കോഴവാങ്ങൽ തുടങ്ങിയ അഴിമതികൾ അവസാനിപ്പിക്കാൻ നിയമനിർമ്മാണം ഉൾപ്പെടെയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ഗവർമ്മെണ്ടിനോട് ആവശ്യപ്പെട്ടുകൊണ്ടും, ഈ വിധത്തിലുള്ള ഗവർമെണ്ടിന്റെ എല്ലാ നടപടികൾക്കും A. K. P. C. T. A. യുടെ കലവറയില്ലാത്ത പിന്തുണ വാഗ്ദാനം ചെയ്തുകൊണ്ടുംഉള്ള നമ്മുടെ കേന്ദ്ര സമരസമിതിയുടെ പ്രമേയം മുഖ്യമന്ത്രിക്കും വിദ്യാഭ്യാസമന്ത്രിക്കും നാം എത്തിച്ചുകൊടുത്തു.

ഒരാഴ്ചയോളം കോളേജുകളെല്ലാം അടഞ്ഞുകിടക്കുകയും, കേരളത്തിലെ ഉന്നതവിദ്യാഭ്യാസമണ്ഡലം നിശ്ചലമാവുകയും ചെയ്തിട്ടും നമ്മുടെ ആവശ്യങ്ങൾക്കനുകൂലമായ ഒരു പ്രതികരണം ഗവർമെണ്ടിൽനിന്നുമുണ്ടായില്ല. സമരം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനായി കലക്ടറേററ് കവാടങ്ങളിൽ കൂട്ടസത്യാഗ്രഹം, സെക്രട്ടറിയേററ് നടയിൽ സത്യാഗ്രഹം, തലസ്ഥാനനഗരിയിൽ ശക്തിപ്രകടനം തുടങ്ങിയ മാർഗ്ഗങ്ങൾ നാം അവലംബിച്ചു. ഗവർമ്മെണ്ട് നിയന്ത്രണം അംഗീകരിക്കുന്ന കോളേജുകളിൽ ഡയരക്ട് പേമെൻറ് നടപ്പിലാക്കാമെന്ന ഗവർമ്മെണ്ടിന്റെ അറിയിപ്പ് തുടർന്ന് ഉണ്ടാവുകയും, ഭാഗികമായി ഡയരക്ട് പേമെൻറ് നടപ്പാക്കുന്ന സമ്പ്രദായം നമുക്ക് സ്വീകാര്യമല്ലാത്തതിനാൽ നാം സമരമാർഗ്ഗത്തിൽ തന്നെ ഉറച്ചുനിൽക്കുകയും ചെയ്തു. നിയന്ത്രണങ്ങൾ അംഗീകരിക്കുവാൻ തങ്ങൾ തയ്യാറല്ലെന്ന് മാനേജർമാരും അറിയിച്ചു. കൂടുതൽ ശക്തിയോടെ സമരം തുടരുകയല്ലാതെ മററു പോംവഴിയില്ലാത്തതിനാൽ അടുത്ത പടിയെന്ന നിലയിൽ സെക്രട്ടറിയേററ് പടിക്കൽ നാം പിക്കററിങ്ങ് ആരംഭിച്ചു. അദ്ധ്യാപികമാരും ഈ സമരപരിപാടിയിൽ പങ്കെടുത്തുവെന്നത് ചാരിതാർത്ഥ്യജനകമാണ്. ഈ ഘട്ടത്തിൽ പ്രശ്നം കഴിയുന്നതും വേഗം ഒത്തുതീർപ്പിലെത്തിച്ചില്ലെങ്കിൽ, ഇത് ശക്തമായ ഒരു ബഹുജനസമരമായി മാററുമെന്ന് സമരസഹായസമിതി ഗവർമ്മെണ്ടിനെ അറിയിച്ചു. ശമ്പളകുടിശ്ശിക ഈടാക്കുവാൻ വേണ്ടി ഒരു ട്രൈബ്യൂണൽ സമ്പ്രദായം ഏർപ്പെടുത്താമെന്ന ഗവർമ്മെണ്ട് നിർദ്ദേശത്തെ അതിന്റെ അപ്രായോഗികതമൂലം നമുക്ക് നിരാകരിക്കേണ്ടിവന്നു. സമരത്തിന്റെ അടുത്ത ഘട്ടമായി സെക്രട്ടറിയേററ് പടിക്കൽ കൂട്ടപ്പിക്കററിങ്ങും അദ്ധ്യാപകപ്രകടനവും നാം സംഘടിപ്പിച്ചു. പിക്കററുചെയ്തവരെ അറസ്ററ്ചെയ്ത് ജയിലിലടച്ചു. അറസ്റ്റും ജയിൽവാസവും കോളേജ് അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം പുതിയ അനുഭവങ്ങളായിരുന്നുവെങ്കിൽകൂടി അതെല്ലാം തന്നെ നമ്മെ തളർത്തുന്നതിനുപകരം നമ്മുടെ ആത്മവീര്യത്തെയും നിശ്ചയദാർഢ്യത്തെയും വളർത്താനാണ് ഉപകരിച്ചത്. നിസ്തുലമായ ത്യാഗസന്നദ്ധതയയോടെ നാളുകളായി നടന്നുവന്നിരുന്ന അദ്ധ്യാപകസമരം തളരു

ന്നില്ലെന്നും ശക്തമായ പൊതുജനാഭിപ്രായം നമുക്കനുകൂലമായി ഉണ്ടായിക്കൊണ്ടിരിക്കയാണെന്നും അറിഞ്ഞിട്ടും സർക്കാർ പഴയ പല്ലവിതന്നെ പാടി: ഗവർമെണ്ട് നിയന്ത്രണം സമ്മതിക്കുന്ന കോളേജുകളിൽ ഡയരക്ട് പേമെൻറ് നടപ്പാക്കാമെന്നും ഗ്രാൻട് ഇൻ എയ്ഡ് കോഡ് നടപ്പാക്കാൻ സാദ്ധ്യമല്ലെന്നും അടുത്തവർഷം മുതൽ ഫീസ് ഏകീകരണം നടപ്പാക്കാമെന്നും.

ഗവർമെണ്ടിൻെറ ഈ പ്രസ്താവന ദൌർഭാഗ്യവശാൽ അന്നത്തെ നമ്മുടെ സംഘടനാ നേതൃത്വത്തിൽ ചില ചിന്താകുഴപ്പങ്ങളുണ്ടാക്കി. ഈ നിർദ്ദേശങ്ങൾ സ്വീകരിച്ച് തൽക്കാലം സമരം പിൻവലിക്കണമെന്ന് ഒരു ന്യൂനപക്ഷം അഭിപ്രായപ്പെട്ടു. എന്നാൽ സമരം തുടങ്ങുന്നതിനുമുമ്പ് മുഖ്യമന്ത്രി പ്രഖ്യാപിച്ചതിൽനിന്ന് കൂടുതലായി ഒന്നും തന്നെ — നമ്മുടെ പ്രധാന ആവശ്യമായ ഡയറക്ട് പെമെൻട് സംബന്ധിച്ച് അമ്പതു ദിവസത്തോളം നീണ്ടുനിന്ന പണിമുടക്കിന് ശേഷവും—പുതിയ നിർദ്ദേശങ്ങളിൽ ഇല്ലാത്തതിനാൽ സമരം മുന്നോട്ടുകൊണ്ടുപോകണമെന്ന്തന്നെ ബഹുഭൂരിപക്ഷം പേരും ആവശ്യപ്പെട്ടു. ഇതിനെ തുടർന്ന് അപ്രതീക്ഷിതവും നാടകീയവുമായ ചില സംഭവവികാസങ്ങൾ ഉണ്ടായി. സമരത്തിന് പിൻതുണ പ്രഖ്യാപിച്ച് രംഗത്തുണ്ടായിരുന്ന ചില വിദ്യാർത്ഥി സംഘടനകൾ പിൻതുണ പിൻവലിച്ചുകൊണ്ട് പ്രസ്താവനകൾ ഇറക്കി. തുടർന്ന് നവമ്പർ പത്താംതീയ്യതി പ്രസിഡണ്ടും ചുരുക്കം ചില നേതാക്കളും സമരസമിതിയോടോ, മററ് നേതാക്കളോടോ ആലോചിക്കാതെ പണിമുടക്ക് പിൻവലിച്ചു കൊണ്ട് പ്രസ്താവനകളിറക്കി. രണ്ടുമാസത്തോളം നീണ്ടുനിന്ന ഒരു ജീവൻമരണ സമരം വ്യക്തമായ യാതൊരു ഉറപ്പുകളും ലഭിക്കാതെ, പണിമുടക്കുകാലത്തെ ശമ്പളത്തെപ്പററിയും മററു പ്രശ്നങ്ങളെപററിയും ഒരു തീരുമാനവുമില്ലാതെ പിൻവലിക്കപ്പെട്ടതായി നേതാക്കളുടെ പ്രസ്താവന വന്നപ്പോൾ, നമ്മുടെ അണികളിൽ സംഭ്രമവും നിരാശയും സ്വാഭാവികമായും ഉടലെടുത്തു. അപ്രതീക്ഷിതമായ ഈ അണിയറനീക്കങ്ങൾ നമ്മുടെ അസോസിയേഷനേയും, നമ്മുടെ ഐതിഹാസിക സമരത്തെയും ഒരു പ്രതിസന്ധിയിലെത്തിച്ചു. നമ്മുടെ സംഘടിതശക്തിക്ക് പോറലേൽപ്പിച്ച ദൌർഭാഗ്യകരമായ സംഭവങ്ങൾ അസോസിയേഷൻെറ വിലപേശലിനുള്ള ശക്തിയെ ക്ഷയിപ്പിച്ചതുകാരണം സമരം കഴിയുന്നതും വേഗം നിർത്തിവെക്കുവാൻ സമരസമിതിഅംഗങ്ങൾ നിർബന്ധിതരായി. എന്തു നഷ്ടം സഹിച്ചും, നമ്മുടെ ഐക്യത്തേയും സംഘടനയേയും രക്ഷിക്കണമെന്നുള്ള തീരുമാനത്തിലാണ് നാം അവസാനം ചെന്നെത്തിയത്. ഈ സാഹചര്യത്തിലാണ് സമരം മുന്നോട്ടുകൊണ്ട് പോകരുതെന്നും നവമ്പർ 15—ാം തീയ്യതി മുതൽ അദ്ധ്യാപകർ ജോലിക്ക് ഹാജരാകവാൻ അഭ്യർത്ഥിക്കണമെന്നും ആക്ഷൻ കമ്മററി നവമ്പർ 13—ാം തിയ്യതി തീരുമാനമെടുത്തത്.

നവംമ്പർ 10—ന് ശേഷം ഗവർമ്മെണ്ട് ഒരു പ്രസ്സ് റിലീസ് പുറപ്പെടുവിച്ചു. അതിലാണ് കേരളയൂണിവേഴ്സിററി തയ്യാറാക്കിയിരുന്ന പെൻഷൻപദ്ധതി വേണ്ട ഭേദഗതികളോടെ നടപ്പിലാക്കാമെന്നും, ജൂനിയർ ലക്ചററർമാരുടെ കാര്യത്തിൽ ഒരു കോൺഫ്രൻസ് വിളിച്ചുകൂട്ടി തീരുമാനമെടുക്കാമെന്നും, പണിമുടക്കുകാലത്തെ ശമ്പളം ലഭ്യമാകാൻ വേണ്ട നടപടികൾ എടുക്കാമെന്നും, വ്യക്തമായ ഉറപ്പുകൾ ഉണ്ടായിരുന്നത്. (1971 നവംബറിൽ ഡയരക്ട് പേമെൻറ് സമരത്തിൻെറ നടുക്കുവെച്ച് നാടകീയമായി അരങ്ങേറിയ പിളർപ്പൻ പ്രസ്ഥാനം 'വിജയകർമായ' പരിസമാപ്തിയിലെത്തിക്കാൻ ഒളിഞ്ഞും തെളിഞ്ഞും പല ശ്രമങ്ങളും നടത്തിയെങ്കിലും 1975 വരെ, അന്ന് സംഘടനയേയും അദ്ധ്യാപക സമൂഹത്തെയും ഒരു പ്രതിസന്ധിയിൽ കൊണ്ടുചെന്നെത്തിച്ച 'നേതാക്കൻമാർക്ക്' കാത്തിരിക്കേണ്ടിവന്നു.)

അഭൂതപൂർവ്വമായ ജനപിന്തുണ ആർജ്ജിച്ചിരുന്ന നമ്മുടെ സമരം പല പരീക്ഷണഘട്ടങ്ങളിലൂടെ കടന്ന് പോകേണ്ടിവന്നു. അപ്പോഴൊക്കെ നമ്മെ തളർത്താതെ നിർത്തിയത് അദ്ധ്യാപക സമൂഹത്തിന് സംഘടന

(ശേഷം 17—ാം പേജിൽ)

# അദ്ധ്യാപക-സർവ്വീസ് സംഘടനാ സമര സമിതി സംസ്ഥാനകമ്മററി

## തിരുവനന്തപുരം

## 27-6-1980 ലെ യോഗമിനിട്ട്സ്

സമരസമിതി വൈകുന്നേരം 4–മണിക്ക് ആരംഭിച്ചു. കൺവീനർ റിപ്പോർട്ടും 8050/ രൂപ വരവും 7115 രൂ. 75 പൈസ ചെലവുമുള്ള നാളിതുവരെയുള്ള വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു.

ചർച്ചകൾക്കുശേഷം താഴെ കാണുന്ന തീരുമാനങ്ങൾ എടുത്തു.

1. സമരസമിതിയുമായുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ പാലിക്കാത്ത സർക്കാരിൻെറ കുററകരമായ അനാസ്ഥയ്ക്കെതിരെ കൂടുതൽ ശക്തമായ പ്രക്ഷോഭ പരിപാടികൾ സ്വീകരിക്കണമെന്നും, അതിൻെറ മുന്നോടിയായി ജില്ലാ–താലൂക്ക് സമിതികൾ സജീവമാക്കണമെന്നും തീരുമാനിച്ചു. 16–6–80 ലെ സംസ്ഥാന കമ്മററി അംഗീകരിച്ച പ്രമേയം അച്ചടിച്ചു വിതരണം ചെയ്തിട്ടില്ലാത്തിടത്ത് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2. 14–7–80 നു മുമ്പ് ജില്ലാ കമ്മററികൾ കൂടി പ്രവർത്തനം ശക്തിപ്പെടുത്തണം. താഴെ കാണുന്ന പ്രകാരം സംസ്ഥാന സമരസമിതി അംഗങ്ങൾ ജില്ലാ കമ്മററി യോഗത്തിൽ പങ്കെടുക്കേണ്ടതും, ജില്ലാ കമ്മററി യോഗത്തിൻെറ കൃത്യമായ തീയതി ജില്ലാ കൺവീനർ ബന്ധപ്പെട്ട സംസ്ഥാന കമ്മററി അംഗത്തെ അറിയിക്കേണ്ടതുമാണ്.

| | |
|---|---|
| കണ്ണൂർ | ടി. കെ. ബാലൻ |
| വയനാട് | എം. ബാലകൃഷ്ണൻ |
| കോഴിക്കോട് | ടി. വി. അപ്പുണ്ണിനായർ |
| മലപ്പുറം )<br>പാലക്കാട് ) | എച്ച്. കെ. പിഷാരടി |
| തൃശൂർ | ടി. വി. അപ്പുണ്ണിനായർ |
| എറണാകുളം | കെ. രാമചന്ദ്രൻനായർ |
| ഇടുക്കി | എം. ബാവ |
| കോട്ടയം | പി. വേണുഗോപാലൻനായർ |
| ആലപ്പുഴ | കെ. വി. ദേവദാസ് |
| കൊല്ലം | കെ. കരുണാകരൻപിള്ള |
| തിരുവനന്തപുരം | എസ്. പരമേശ്വരൻനായർ |

3. 21–7–80 ന് മുമ്പായി താലൂക്ക് കമ്മററികൾ വിളിച്ചു കൂട്ടണം. ജില്ലാ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കണം.

4. 29–7–80 ന് മുമ്പായി വിപുലമായ ജില്ലാ പ്രവർത്തകയോഗം ചേരണം.

5. 5–8–80 ൽ ജില്ലാ കേന്ദ്രത്തിൽ പ്രകടനവും കൂട്ടധർണ്ണയും നടത്തണം.

6. ജില്ലാ–താലൂക്ക് കമ്മററി പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സംസ്ഥാന കൺവീനർക്ക് അയക്കണം.

ഇത്രയും തീരുമാനങ്ങൾക്കുശേഷം യോഗം 7 മണിക്ക് അവസാനിച്ചു.

അഭിവാദനങ്ങളോടെ

**കെ. വി. ദേവദാസ്**
കൺവീനർ

തിരുവനന്തപുരം
28–6–1980.

# ജില്ലാ വാർത്തകൾ

## കൊല്ലം

### 14 വർഷത്തെ സർവ്വീസിനുശേഷ വും ജൂനിയർ ലക്ചർ !

തങ്ങൾ കുഞ്ഞു മുസിലിയാർ ആർട്ട്സ് കോളേജിലെ ഇംഗ്ലീഷ് അധ്യാപകനായ അമീർ അലി 1966ൽ സർവ്വീസിൽ പ്രവേശിച്ച താണ്. പക്ഷേ ഇപ്പോഴും ജൂനിയർലക്ചറ റാണ്. ജൂൺ 22–ാം തീയതി കൊല്ലത്തു കൂടിയ എ. കെ. പി. സി. ടി. എ. ജില്ലാക മ്മിററി, ഗവൺമെൻറും സർവ്വകലാശാലയും ഈ പ്രശ്നത്തിലിടപെട്ട് പരിഹാരം കണ്ടെ ത്താൻ വേണ്ടതു ചെയ്യണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം സംസ്ഥാന കമ്മിററിമുമ്പാ കെ വയ്ക്കാൻ ജില്ലാസെക്രട്ടറിയെ ചുമതല പ്പെടുത്തി. പ്രമേയത്തിൻെറ കോപ്പി സിൻ ഡിക്കേററിലെ എ. കെ. പി. സി. ടി. എ പ്ര തിനിധിക്ക് എത്തിക്കാനും തീരുമാനിച്ചു.

ജില്ലയിൽ സംഘടനാപ്രവർത്തനം ശ ക്തിപ്പെടുത്താനും അതുവഴി കൂടുതൽ അം ഗങ്ങളെ സംഘടനയിലേക്കുകൊണ്ടുവരുവാ നും ഉള്ള മാർഗങ്ങളെപ്പററി ജില്ലാപ്രസിഡ ൻറ് പ്രൊഫ. പി. ജെ. പത്രോസ് വിശദീക രിച്ചു. പ്രവർത്തക സമിതി തീരുമാനങ്ങൾ ജില്ലാസെക്രട്ടറി ശബരീനാഥൻനായർ റിപ്പോർ ട്ടു ചെയ്തു. സംസ്ഥാന ട്രഷറർ പ്രൊഫ. ഭാർഗവനും യോഗത്തിൽ സംബന്ധിച്ചി രുന്നു. പല യൂണിററുകളിൽ നിന്നും സെ ക്രട്ടറിമാർ യോഗത്തിൽ പങ്കെടുക്കാതിരുന്ന കാര്യം പരാമർശവിഷയമാവുകയും തുടർ ന്നുള്ള യോഗങ്ങളിൽ അവരെ നിർബന്ധ മായും പങ്കെടുപ്പിക്കേണ്ടതാണെന്നു തീരുമാ നിക്കുകയും ചെയ്തു.

വെൽഫയർട്രസ്ററിൽ കഴിയുന്നത്ര അം ഗങ്ങളെ ചേർക്കണമെന്ന് യോഗം തീരുമാന മെടുത്തു. ട്രസ്ററിൻെറ രസീതുകൾ കിട്ടു ന്നതിൽ ഇന്നുള്ള കാലതാമസം ഒഴിവാക്കണ മെന്ന് എ. ആൻറണി (ഫാത്തിമാകോളേജ്) അഭ്യർത്ഥിച്ചു. സോവനീറിൻെറ പരസ്യം കഴിയുന്നത്രവേഗം ശേഖരിച്ച് കൺവീനർ ക്ക് അയച്ചുകൊടുക്കുന്നതാണെന്ന് സെക്ര ട്ടറിമാർഅറിയിച്ചു.

ഷിഫ്ററ് സമ്പ്രദായത്തെക്കുറിച്ച് സ ജീവമായ ചർച്ചനടന്നു. അധ്യാപകർക്ക് അ ധ്യാനഭാരം കൂടുന്ന യാതൊരുനടപടിയും ഉണ്ടാകരുതെന്ന് യോഗം ആവശ്യപ്പെട്ടു. ജൂ ൺ മാസത്തെ ശമ്പളത്തിൽനിന്നും മെമ്പർഷി പ്പു തുക പിരിച്ചയയ്ക്കണമെന്നു തീരുമാ നിച്ചു. കുടിശ്ശിക ശമ്പളം കിട്ടാത്ത എല്ലാ കോളേജുകളിലും അത് വളരെ വേഗം കിട്ടു ന്നതിനുള്ള നടപടി എടുക്കണമെന്ന് യോ ഗം ആവശ്യപ്പെട്ടു.

ജൂലൈമാസത്തിൽ സിൻഡിക്കേററിലെ എ. കെ. പി. സി. ടി. എ. പ്രതിനിധികൾ ക്ക് ജില്ലാകൗൺസിലിൻെറ ആഭിമുഖ്യത്തിൽ ഒരു സ്വീകരണം നൽകാനും തീരുമാനിച്ചു.

സെനററിലേക്കുള്ള തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥി കളെ നിർണ്ണയിക്കുപ്പോൾ സംഘടനാബോധ മുള്ള വരെ മാത്രമേ തെരഞ്ഞെടുക്കാവൂ എന്ന അഭിപ്രായവും യോഗത്തിലുണ്ടായി.

## തൃശൂർ

### ആഗസ്ററ് 7
### 'വി. ആർ. എസ്.' ദിനം

ജില്ലാ പ്രസിഡൻററ് പ്രൊഫ. ശങ്കുദേവ ൻെറ അധ്യക്ഷതയിൽ ജൂൺ 22–ാം തീയതി കൂടിയ തൃശൂർ ജില്ലാ കൗൺസിൽ യോഗം, എ. കെ. പി. സി. ടി. എ. യുടെ സ്ഥാപക നേതാവായ പ്രൊഫ.വി.ആർ.സുബ്രഹ്മണ്യ ത്തിൻെറ ഒന്നാം ചരമവാർഷികം സമുചിത

മായി ആചരിക്കുവാൻ തീരുമാനിച്ചു. സംഘടനയുടെ ഒരു സജീവപ്രവർത്തകനായിരുന്ന ക്രൈസ്റ്റ് കോളേജ് പ്രൊഫ. ടി. വി. ജോർജിന്റെ ആകസ്മികനിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടാണ് യോഗം ആരംഭിച്ചത്. ജില്ലാസെക്രട്ടറി പ്രൊഫ. പത്മനാഭൻ ജൂൺ 14–ാംതീയതി കൂടിയ പ്രവർത്തക സമിതി തീരുമാനങ്ങൾ വിശദീകരിച്ചു.

കഴിഞ്ഞവർഷം സ്വകാര്യകോളേജുകളിൽ നിയമിതരായ അധ്യാപകർക്ക് അംഗീകാരം നൽകുന്നതിൽ ഉളവാകുന്ന കാലതാമസത്തിൽ പ്രതിഷേധിച്ചുകൊണ്ടുള്ള ശ്രീ. പി. പി. ജോർജിന്റെ (സെക്രട്ടറി, സെന്റ് തോമസ് കോളേജ് യൂണിറ്റ്) പ്രമേയം യോഗം ഏകകണ്ഠമായി അംഗീകരിച്ചു. രണ്ടാം ഗ്രേഡ് പ്രൊഫസർ പ്രൊമോഷന് ജൂനിയർലക്ചറർ സർവ്വീസ് കണക്കിലെടുക്കണമെന്നും; ജൂനിയർ ലക്ചറർ തസ്തികതന്നെ നിർത്തലാക്കണമെന്നും യോഗം മറ്റൊരു പ്രമേയത്തിലൂടെ ഗവൺമെന്റിനോടാവശ്യപ്പെട്ടു.

ജില്ലയിലെ സംഘടനാപ്രവർത്തനം ഊർജിതപ്പെടുത്തുന്നതിന് ജില്ലയിൽ നിന്നുള്ള സെനറ്റ് മെമ്പറൻമാർ, ജില്ലാപ്രസിഡന്റ് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സംഘം ജില്ലയിലെ എല്ലാ കോളേജുകളും സന്ദർശിക്കണമെന്നും യോഗം തീരുമാനിക്കുകയുണ്ടായി. യോഗത്തിൽ സർവ്വശ്രീ. ടി. വി ജയിംസ്, ഗോപാലകൃഷ്ണൻ, എം. മുരളീധരൻ എന്നിവർ സജീവമായി പങ്കെടുത്തു.

## പാലക്കാട്

### അധ്യാപകർക്കുനേരേയുള്ള ആക്രമണത്തിൽ പ്രതിഷേധം

കേരള, കോഴിക്കോട് സർവ്വകലാശാലാ സെനറ്റ്, സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പുകളിൽ എ. കെ. പി. സി. ടി. എയ്ക്കുണ്ടായ അസൂയാർഹമായ വിജയത്തിൽ വെറളിപൂണ്ട എൻ. എസ്. എസ്. മാനേജുമെന്റ് തങ്ങളുടെ കോളേജുകളിലെ എ. കെ. പി. സി. ടി. എ. പ്രവർത്തകരെ ഈ വർഷം വൈരനിര്യാതനബുദ്ധിയോടെ സ്ഥലം മാറ്റി ദ്രോഹിക്കുകയുണ്ടായി. കേരളത്തിൽ മറ്റൊരു മാനേജുമെന്റും മുതിരാത്ത രീതിയിൽ എ. കെ. പി. സി. ടി. എ യെ നേരിടുന്നതിനായി തങ്ങളുടെ ഒരു പോക്കറ്റ് സംഘടന പടച്ചുണ്ടാക്കുകയും അതിൽ ചേരാത്ത അധ്യാപകരെ ഭീഷണിപ്പെടുത്തുകയും നിരന്തരം സ്ഥലം മാറ്റുകയും ചെയ്യുന്നു. ഇതിന്റെ ഏറ്റവും അടുത്ത ഉദാഹരണമാണ് ജൂൺ 13–ാം തീയതി ഒറ്റപ്പാലം എൻ.എസ്.എസ് കോളേജിൽ വച്ച് അവിടുത്തെ രണ്ട് എ. കെ. പി. സി. ടി. എ. പ്രവർത്തകരെ മാനേജ്മെന്റിന്റെ കൈമണി സംഘടനയിൽപ്പെട്ട ഒരധ്യാപകൻ അസഭ്യം പറയുകയും കൈയേറ്റം ചെയ്യുകയും ഉണ്ടായത്. എ. കെ. പി സി. ടി. എ പാലക്കാട് ജില്ലാകമ്മിറ്റി യോഗം ഈ നടപടിയിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. അതോടൊപ്പം ഇമ്മാതിരിപ്രവർത്തനങ്ങളിൽ നിന്നും തങ്ങളുടെ പോക്കറ്റു സംഘടനയെ പിൻതിരിപ്പിക്കണമെന്ന് എൻ.എസ്.എസ്.മാനേജ്മെന്റിനോട് അഭ്യർത്ഥിക്കുകയും അല്ലാത്തപക്ഷം അധ്യാപകരുടെ ഭാഗത്തുനിന്നും ശക്തമായ തിരിച്ചടി ഉണ്ടാകുമെന്ന് ഓർമ്മിപ്പിക്കുകയുംചെയ്തു.

### സംഘടനാ പ്രവർത്തനം ശക്തമാക്കുന്നു.

പാലക്കാട് ജില്ലാക്കമ്മിറ്റി ജൂൺ 22–ാം തീയതി ശ്രീമതി വിമലാമേനോന്റെ അധ്യക്ഷതയിൽ കൂടി ജില്ലയിലെ സംഘടനാപ്രവർത്തനം കൂടുതൽ ശക്തമാക്കാനുള്ള പരിപാടികൾ ചർച്ചചെയ്ത് ആവിഷ്കരിച്ചു. യോഗത്തിൽ ആലത്തൂർ എസ്. എൻ കോളേജൊഴികെയുള്ള കോളേജുകളിലെ യൂണിറ്റ് സെക്രട്ടറിമാരും, സെനറ്റ് മെമ്പറൻമാരായ ഡോ: പി. എസ്. പണിക്കർ, ശ്രീ.

കെ. സുകുമാരൻനായർ എന്നിവരും പങ്കെടുത്തു. വർക്കിംഗ് കമ്മിററി തീരുമാനങ്ങൾ ജില്ലാസെക്രട്ടറി ശ്രീ. ടി. എൻ. രാമൻപിള്ള വിശദീകരിച്ചു. തുടർന്നുനടന്ന ചർച്ചയിൽ സേതുമാധവൻ, ഗോപാലകൃഷ്ണൻ, സുകുമാരൻ നായർ, ഡോ: പി. എസ്. പണിക്കർ, ഗംഗാധരൻനായർ, പി. ഇ. ഡി. നമ്പൂതിരി എന്നിവർ സജീവമായി പങ്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

ജില്ലയിലെ മെമ്പർഷിപ് പരമാവധി വർദ്ധിപ്പിക്കുക.

വെൽഫയർ ട്രസ്ററിൽ കൂടുതൽ അംഗങ്ങളെ ചേർക്കുക.

എ. കെ. പി. സി. ടി. എ. ജേർണലായ 'കേരള പ്രൈവററ് കോളേജ് ടീച്ചറി'ന്റെ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക.

സോവനീർ പരസ്യങ്ങൾ ജുലായ് 5 നകം കൺവീനർക്ക് എത്തിക്കുക.

കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ പ്രൈവററ് കോളേജധ്യാപകരുടെ അപ്രൂവലിന് കൺകറൻസ് നൽകുന്നതിൽ വരുത്തുന്ന അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പ്രവർത്തക സമിതിയോടഭ്യർത്ഥിക്കാനും യോഗം തീരുമാനിച്ചു. പ്രീഡിഗ്രി രണ്ടാം വർഷ ഹിസ്ററിയുടെ കേന്ദ്രീകൃത പരിശോധനാക്യാമ്പിലും ഹിന്ദി ക്യാമ്പിലും പ്രവർത്തിച്ച പല എ. കെ. പി സി. ടി. എ., എ. കെ. ജി. സി. സി. ടി. പ്രവർത്തകരേയും പ്രീഡിഗ്രി ഒന്നാം വർഷ പരീക്ഷാബോർഡിൽ നിന്നും പ്രത്യേകിച്ചൊരു കാരണവും കൂടാതെ ഒഴിവാക്കിയ നടപടി സിൻഡിക്കേററ് മെമ്പർ പ്രൊഫ. ആർ. ആർ. സി. നായരുടെ ശ്രദ്ധയിൽപ്പെടുത്താനും വേണ്ടനടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹത്തോടഭ്യർത്ഥിക്കാനും യോഗം തീരുമാനിച്ചു.

തിരുവനന്തപുരം

## എ. കെ. പി. സി. ടി. എ പ്രതിനിധികൾക്ക് സ്വീകരണം

കേരള-കോഴിക്കോട് യൂണിവേഴ്സിററികളിലെ എ. കെ. പി. സി. ടി. എ. പ്രതിനിധികൾക്ക് ജില്ലാക്കമ്മററിയുടെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകുവാൻ കമ്മററിയോഗം തീരുമാനിച്ചു. ജില്ലാ പ്രസിഡൻറ് പ്രൊഫ. എൽ. ജി. വർഗീസിന്റെ അധ്യക്ഷതയിൽകൂടിയ യോഗത്തിൽ ജനറൽസെക്രട്ടറി പ്രൊഫ. മാധവൻനായരും പങ്കെടുത്തിരുന്നു. പ്രവർത്തക സമിതിയുടെ തീരുമാനങ്ങൾ സെക്രട്ടറി പ്രൊഫ. രവീന്ദ്രൻനായർ വിശദീകരിച്ചു. ജില്ലയിലെ സംഘടനാപ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതിനെപ്പററി ചർച്ചയിൽ പങ്കെടുത്തവരെല്ലാം പരാമർശിച്ചു. മെമ്പർഷിപ്പു വർദ്ധിപ്പിക്കുന്നതിനായി യൂണിററുകൾ സന്ദർശിക്കുവാനുള്ള തീരുമാനം കമ്മിററി എടുത്തു. വെൽഫയർട്രസ്ററിൽ കൂടുതൽ അംഗങ്ങളെ ചേർക്കുവാനും തീരുമാനിച്ചു.

കണ്ണൂർ

## ആവശ്യങ്ങൾ അനുവദിച്ച് പണിമുടക്ക് ഒഴിവാക്കുക.

മിനിസ്ററീരിയൽ സ്ററാഫിന്റെ ന്യായമായ ആവശ്യങ്ങൾ അനുവദിച്ചുകൊടുത്തുകൊണ്ട് അവരുടെ പണിമുടക്ക് ഒഴിവാക്കണമെന്ന് എ. കെ. പി. സി. ടി. എ. കണ്ണൂർ ജില്ലാകൗൺസിൽ ബന്ധപ്പെട്ടവരോടാവശ്യപ്പെട്ടു. ജില്ലാപ്രസിഡൻറ് പ്രൊഫ. ടി. വി. കെ. കുറുപ്പിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി എം. കെ. ചിങ്ങൻകുട്ടി പ്രവർത്തകസമിതി തീരുമാനങ്ങൾ റിപ്പോർട്ടുചെയ്തു.

ഷിഫ്ററ് വേക്കൻസികളിൽ നിയമിതരായ അധ്യാപകരെ സ്ഥിരപ്പെടുത്തുക, പുതുതായി ഷിഫ്ററ് ആരംഭിച്ചിട്ടുള്ള കോളേജുകളിൽ വേണ്ടത്ര അധ്യാപകരെ നിയമിക്കുക, നിയമനങ്ങരംക്ക് അംഗീകാരം നൽകുന്നതിൽ ഇന്നുള്ള കാലതാമസം ഒഴിവാക്കുക വെക്കേഷൻ കാലത്ത് കേന്ദ്രീകൃത വാല്വേഷനിൽ ഏർപ്പിട്ടിരുന്ന അധ്യാപകർക്ക് ഏൺഡ്ലീവ് അനുവദിക്കുക, എന്നീ ആവശ്യങ്ങളും യോഗം ഉന്നയിച്ചു.

എൻ.എസ്.എസ്, എസ്.എൻ. കോളേജുകളിൽ മാനേജ്മെൻറു നടത്തുന്ന തത്ത്വദീക്ഷയില്ലാത്ത സ്ഥലംമാററങ്ങളിൽ യോഗം ശക്തിയായി പ്രതിഷേധിച്ചു. സ്ഥലം മാററങ്ങരംക്ക് വ്യക്തമായ മാനദണ്ഡങ്ങരം ഏർപ്പെടുത്താൻ ഗവൺമെൻറ് മുൻകൈ എടുക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

കണ്ണൂർ ജില്ലയിലെ മെമ്പർഷിപ്പുപ്രവർത്തനം ഉർജ്ജിതപ്പെടുത്താനും, എല്ലാമെമ്പറൻമാരേയും വെൽഫയർട്രസ്ററിൽ അംഗങ്ങളാക്കവാനം യോഗംതീരുമാനിച്ചു. കെ. മുഹമ്മദ്, എം. കുഞ്ഞാമ്പു, കെ. പി. ജയരാജൻ, കെ. ഇ. എ. പത്മനാഭൻ, എം. പി. ജോസഫ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. സെക്രട്ടറി ശ്രീ. ചിണ്ടൻകുട്ടി ചർച്ചകരംക്കു മറുപടി പറഞ്ഞു.

### കോഴിക്കോട്

## നിയമനങ്ങൾക്ക് അംഗീകാരം നൽകുക.

ഷിഫ്ററുവേക്കൻസികളിൽ നിയമിതരാകുന്ന അധ്യാപകർക്ക് അപ്രൂവൽ ലഭിക്കാൻ ഇന്നുണ്ടാകുന്ന കാലതാമസം ഒഴിവാക്കണമെന്ന് കോഴിക്കോടു ജില്ലാകമ്മററി ആവശ്യപ്പെട്ടു. പ്രസിഡൻറ് പി. വി. ചന്ദ്രമോഹനന്റെ അധ്യക്ഷതയിൽ ജൂൺ 22—ാം തീയതി കൂടിയ യോഗം, കോഴിക്കോട് യൂണിവേർസിററി സിൻഡിക്കേററു തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികളുടെ വിജയത്തിനായി സഹകരിച്ച കെ. പി. സി. എം. എസ്. എഫ്. മുതലായ സംഘടനകരംക്ക് നന്ദിരേഖപ്പെടുത്തി. എ. കെ. പി. സി. ടി. എ യെ പ്രതിനിധീകരിച്ച് കോഴിക്കോട് സെനററിലേക്കും സിൻഡിക്കേററിലേക്കും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർക്ക് ജൂലൈ 25—ാം തീയതി അളകാപുരി ഹോട്ടലിൽ വച്ച് ജില്ലാകൗൺസിലിൻെറ ആഭിമുഖ്യത്തിൽ സ്വീകരണം നൽകുന്നതിനും തീരുമാനമെടുത്തു.

കോർപ്പറേററു മാനേജുമെൻറുകരം നടത്തുന്ന സ്ഥലം മാററങ്ങരംക്ക് വ്യക്തമായ മാനദണ്ഡമുണ്ടാക്കുക, കേന്ദ്രീകൃതവാല്വേഷനിൽ ഏർപ്പെടുന്ന അധ്യാപകർക്കു നൽകുന്ന ഡി. എ. യൂണിവേർസിററിയുടെ മററു പരീക്ഷാജോലികളിൽ ഏർപ്പെടുന്ന അധ്യാപകർക്കും അനുവദിക്കുക എന്നീ ആവശ്യങ്ങളടങ്ങുന്ന പ്രമേയങ്ങരം യോഗം പാസ്സാക്കി.

അധ്യാപകരുന്നയിച്ചിരുന്ന വിവിധ ആവശ്യങ്ങരം സംബന്ധിച്ച് ഡെപ്യൂട്ടിഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭിച്ച വിവരങ്ങരം ലെയ്സൻ ഓഫീസർ പ്രൊഫ. കെ. പി. ആർ. മേനോൻ യോഗത്തിൽ റിപ്പോർട്ടുചെയ്തു.


**ഒന്നാംവർഷ പ്രീഡിഗ്രി ചരിത്ര പാഠപുസ്തകങ്ങൾ**

—കേരള, കോഴിക്കോട്—

1. ഇന്ത്യാചരിത്രം — ഒന്നാംഭാഗം
വില 9.00
2. ലോകചരിത്രം — ഒന്നാംഭാഗം
വില 12.00

by

**പാലാ എസ്. കെ. നായർ**

ലക്ചറർ

ചരിത്രവിഭാഗം

എൻ.എസ്.എസ്. ഹിന്ദു കോളേജ്

ചങ്ങനാശ്ശേരി

**സെൻറ് മേരീസ് പ്രസ് & ബുക്ക് ഡിപ്പോ**

ചങ്ങനാശ്ശേരി

## ഡോ: രാമവർമ്മ റിട്ടയർ ചെയ്തു.



കൊല്ലം ശ്രീനാരായണാ കോളേജിലെ ഫിസിക്സ് പ്രൊഫസർ ഡോ: രാമവർമ്മ ദീർഘകാലത്തെ പ്രശസ്ത സേവനത്തിനുശേഷം ജൂൺ പത്തൊൻപതാം തീയതി സർവ്വീസിൽനിന്നും വിരമിച്ചിരിക്കുന്നു. അധ്യാപന രംഗത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അദ്ദേഹം വിപുലമായ ഒരു ശിഷ്യസമ്പത്തിന്റെ ഉടമയാണ്. ആലുവ യു. സി. കോളേജ്, ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജ്, തൃശൂർ കേരളവർമ്മ കോളേജ് എന്നിവിടങ്ങളിൽ ഡോ: വർമ്മ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ലണ്ടനിൽനിന്നും പി. എച്ച്. ഡി., ഡി. ഐ. ഡി. എന്നീ ബിരുദങ്ങളും അദ്ദേഹം നേടിയിരുന്നു. കേരള യൂണിവേർസിറ്റി സെനറ്റ്, അക്കാദമിക് കൗൺസിൽ എന്നിവയിൽ അംഗമായിരുന്ന ഡോ: വർമ്മ എ.കെ.പി.സി. ടി. എ. യുടെ സമരപരിപാടികളിൽ സജീവമായി പങ്കെടുത്തിട്ടുണ്ട്. ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രധാന പ്രവർത്തകനുമാണ് ഡോ: വർമ്മ.

എ. കെ. പി. സി. ടി. എ. യുടെ ആഭിമുഖ്യത്തിൽ ഡോ: രാമവർമ്മയ്ക്ക് ഹൃദ്യമായ യാത്ര അയപ്പുനൽകി. കോളേജ് ഓഡിറ്റോറിയത്തിൽ കൂടിയ സമ്മേളനത്തിൽ കൊല്ലം മുനിസിപ്പൽ ചെയർമാൻ ശ്രീ. കരുമാലിൽ സുകുമാരൻ അധ്യക്ഷത വഹിച്ചു. ശ്രീ. വി. വി. ജോസഫ് എം. എൽ. എ., പ്രൊഫ. ശിവപ്രസാദ്, പ്രൊഫ. ജി. മാധവൻനായർ, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, പ്രൊഫ. നന്ദിയോടു രാമചന്ദ്രൻ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഡോ: രാമവർമ്മ മറുപടിപറഞ്ഞു. യോഗത്തിൽ ഡോ: സുന്ദരേശൻ സ്വാഗതവും പ്രൊഫ. ജയപാലൻ കൃതജ്ഞതയും പറഞ്ഞു. □

# Prof. Carri and Prof. (Mrs.) Carri Retired from Service

Prof. E. J. Carri and Prof. (Mrs) Carri, two eminent Professors of English of Mar Ivanios College, Trivandrum, retired from service in December 1979 and March 1980 respectively. Prof. Carri jointed the institution on 7–6–1950. Prior to this he had worked as a lecturer in English in S. B. College, Changanaseery and S. H. College, Thevara. Mrs. Carri had been on the Staff of Mar Ivanios College from 11–8–'60.

Both these well–known professors of English were active members of the AKPCTA. They have fought many a battle for the cause of the private college teachers. Prof. Carri was also one of the founder members of the AKPCTA.

Farewell meetings were arranged by the Staff and Students of the College in recognition of their meritorious service. At the farewell meeting arranged by the staff, a cheque for Rs. 10000/– was presented to them on behalf of the members of the staff by His Grace Benedict Mar Gregorios, the patron of the College.

–0–

# AKPCTA

## MEMORANDUM

Trivandrum
14-5-1980

To

The Hon'ble Minister for Education,
Government of Kerala,
Trivandrum.

Sir,

Sub: Cadre II Grade Professor post in Post–graduate Departments of Private colleges in the Kerala University area–sanctioning of –requesr for –

It has been a long–felt demand of teaching departments in colleges having post-graduate and under-graduate courses to have an additional II Grade Professor to supervise the under-graduate section and to assist the Head of the Dept: in administering the department. This demand was met partially when the government issued the First Ordinances of the University of Calicut wherein the staff pattern of the post–graduate departments provide for additional II Grade cadre Professor. In all the private colleges having post–graduate departments under the Calicut University area, appointments of such II Grade cadre profeseors have been made with the approval of the University and the Government.

But a serious omission, probably due to oversight, was made by the government when they issued the first ordinances of Kerala University wherein no provision is made for the appointment of II Grade Cadre Professors in the post–graduate departments. This omission has created a lot of difficulties in the administration of departments having post–graduate and under–graduate courses in private colleges in the Kerala University area. It is to plug this loophole that the Syndicate of the Kerala University after considering all aspects of the issue, amended the concerned ordinance providing for the appointment of such Grade II professors. This amendment is pending with the government for concurrence for the last one year.

In this connection, we may be permitted to point out that in corporate managements having colleges under both the Universities, teachers are often transferred from one University area to the other. Since the staff patterns prescribed under these universities are dissimilar, many service problems are created.

We request that expeditious steps may kindly be taken to approve the amendment recommended by the Kerala University and set right the anomaly.

Thanking you,

Yours faithfully,

Sd/–
Prof. V. Narayanankutty (President)

Sd/–
Prof. G. Madhavan Nair (General Secretary)

Copy to: Special Secretary for Higher Education, Govt. of Kerala.

---

## കാററഗറി സംഘടനകൾ - നമ്മുടെ നയമല്ല

കേന്ദ്രീകൃത വാല്വേഷനെത്തുന്നവരിൽ ചിലർ അതതു വിഷയത്തിന് സംഘടനകൾ തട്ടിക്കൂട്ടുവാൻ പരിശ്രമിയ്ക്കുന്നുണ്ട്. കാററഗറി സംഘടനകൾ എ. കെ. പി. സി. ടി. എ യുടെ നയമല്ല. അതുകൊണ്ട് അസോസിയേഷൻ അംഗങ്ങൾ ഇത്തരം സംരംഭങ്ങളുമായി ബന്ധപ്പെടരുത്.

സംഘടിത ശക്തിയിൽ മതിപ്പോ വിശ്വാസമോ ഒരുകാലത്തും പ്രകടിപ്പിച്ചിട്ടില്ലാത്തവരാണ് ഇത്തരം വിഭാഗീയ സംഘടനകൾക്ക് നേതൃത്വം നൽകുക. അവരുടെ ഉള്ളിലിരിപ്പ് വ്യക്തം. യൂണിവേർസിററി ബോഡികളിലും മററും കടന്നുകൂടാനുള്ള കുറുക്കുവഴികളാണ് അവർ തേടുന്നത്.

പല സംഘടനകൾ ഒന്നായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത്, അത്തരത്തിൽ യോജിപ്പിന്റെ മണ്ഡലം വളർത്തിയെടുക്കാനാണ് എ. കെ. പി. സി. ടി. എ. പരിശ്രമിക്കുന്നത്. വിഭാഗീയ സമരങ്ങളും സംഘടനകളും നമ്മെ എങ്ങും എത്തിക്കുകയില്ലെന്ന് ഈ കാററഗറി സംഘടനക്കാരെ ബോധ്യപ്പെടുത്താൻ എ. കെ. പി. സി. ടി. എ. അംഗങ്ങൾക്ക് കഴിയണം.

## എസ്. എൻ. കോളേജുകളിലെ പ്രശ്നങ്ങൾ - മാനേജുമെൻറുമായി ചർച്ച:

ശ്രീനാരായണാ കോളേജുകളിലെ അധ്യാപകരുടെ സ്ഥലം മാററം; സീനിയോറിററി ലിസ്ററ് തയ്യാറാക്കൽ, മാനേജിംഗ് കൗൺസിൽ രൂപീകരണം തുടങ്ങിയ പ്രശ്നങ്ങളെപ്പററി എസ്. എൻ. ട്രസ്ററു സെക്രട്ടറി ശ്രീ. പി. എസ്. കാർത്തികേയനുമായി എ. കെ. പി. സി. ടി. എ. പ്രതിനിധികൾ ചർച്ച നടത്തി.

ജൂണിൽ നടന്ന സ്ഥലം മാററങ്ങളിലെ അപാകതകൾ പരിഹരിക്കുക, സീനിയോറിററിലിസ്ററു തയ്യാറാക്കുക, മാനേജിംഗ് കൗൺസിലിലേക്ക് അധ്യാപക പ്രതിനിധികളുടെ തെരഞ്ഞെടുപ്പു നടത്തുക എന്നീ പ്രശ്നങ്ങളിൽ എത്രയും പെട്ടന്നുതന്നെ തീരുമാനമുണ്ടാക്കണമെന്ന സംഘടനയുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ട്രസ്റ്റ് സെക്രട്ടറി ഉറപ്പുനൽകി.

പ്രൊഫ: എൻ. ഭാർഗവൻ, പ്രൊഫ: ടി. ഗോപാലകൃഷ്ണൻ, ഡോ: കെ. സുന്ദരേശൻ, പ്രൊഫ: നന്ദിയോടു രാമചന്ദ്രൻ, ശ്രീ. എസ്. ശിവൻ എന്നിവരാണ് എ. കെ. പി. സി. ടി. എ. യെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുത്തത്.

(8–ാം പേജിന്റെ തുടർച്ച)

യിലുള്ള അചഞ്ചലമായ വിശ്വാസവും പൊതുജനങ്ങളിൽനിന്ന് നമുക്ക് ലഭിച്ച കലവറയില്ലാത്ത പിൻതുണയുമായിരുന്നു. ഡയരക്ട് പേമെൻട് എന്ന നമ്മുടെ ചിരകാല സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടില്ലെങ്കിലും നമ്മുടെ സംഘടിതശക്തി ശരിക്കും പരീക്ഷിക്കപ്പെട്ട, ജയിൽവാസമുൾപ്പെടെയുള്ള നിരവധി ത്യാഗങ്ങളിലൂടെ അസോസിയേഷന്റെ കൊടിക്കീഴിൽ അദ്ധ്യാപകർ എല്ലാം മറന്ന് അണിനിരന്ന നമ്മുടെ സമരചരിത്രത്തിലെ ആവേശോജ്വലമായ ഒരു അദ്ധ്യായമാണ് ഡയരക്ട് പേമെൻട് സമരം. അടുത്തവർഷം തന്നെ ഡയരക്ട് പേമെൻട് നടപ്പാക്കാതെ ഫീസേകീകരണം നടപ്പാക്കാൻ സാദ്ധ്യമല്ലെന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചതും ഈ സമരമായിരുന്നു.

തെററിദ്ധാരണകളും ചിന്താകുഴപ്പങ്ങളും നീക്കി സംഘടനയെ ശക്തിപ്പെടുത്തിയശേഷം 1972–73–ൽ ഡയരക്ട് പേമെൻറിനുവേണ്ടിയുള്ള സമരം പുനരാരംഭിക്കാമെന്നുള്ള ഉദ്ദേശത്തോടെയാണ് നാം 1971 ലെ സമരം നിർത്തിവച്ചത്. എന്നാൽ AKPCTA ഔദ്യോഗികമായി ഒരു പ്രത്യേക സമരം പ്രഖ്യാപിക്കാതെതന്നെ, ഡയറക്ട് പേമെൻറിനുവേണ്ടിയുള്ള സജീവപ്രവർത്തനങ്ങളിൽ നമുക്ക് ഏർപ്പെടേണ്ടിവന്ന സാഹചര്യമാണ് 1972 ൽ സംജാതമായത്. അദ്ധ്യാപകർക്ക് സേവന ഭദ്രതയും മെച്ചപ്പെട്ട സേവന വ്യവസ്ഥകളും ഉണ്ടാകണമെങ്കിൽ പ്രൈവററ് കോളേജ് മാനേജ്മെണ്ടുകളെ സാമൂഹ്യനിയന്ത്രണങ്ങൾക്ക് വിധേയമാക്കണമെന്നുള്ള വസ്തുത നമ്മുടെ അനുഭവങ്ങൾ നമ്മെ പഠിപ്പിച്ച പാഠമാണ്. മാനേജ്മെണ്ടുകളെ നിയന്ത്രിക്കുന്ന തിനായിസർക്കാർ സ്വീകരിക്കുന്ന ഏതു നടപടികൾക്കും AKPCTA യുടെ കലവറയില്ലാത്ത പിൻതുണ 1971–ൽ നാം നടത്തിയ സമരകാലത്ത്തന്നെ അസോസിയേഷൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരുന്നതുമാണ്. എന്നാൽ അന്ന് മാനേജ്മെണ്ടുകളെകൊണ്ട് നിയന്ത്രണങ്ങൾ അംഗീകരിപ്പിക്കുന്ന കാര്യത്തിൽ വ്യക്തമായ യാതൊരു നീക്കവും ഗവർമെണ്ട് ഭ ഗത്തുനിന്നുണ്ടായില്ല 1972 ജൂണിൽ ഫീസേകീകരണത്തെതുടർന്ന് ഇക്കാര്യത്തിൽ ക്രിയാത്മകമായ ഒരു നിലപാട് ഗവർമെണ്ട് കൈക്കൊണ്ടു. ഫീസേകീകരണംമൂലം, മാനേജ്മെണ്ടുകൾക്കുണ്ടാകുന്ന വരുമാനത്തിലെ കുറവുനികത്തുവാൻ യാതൊരു കാരണവശാലും ഗ്രാൻറ് കൂട്ടുകയില്ലെന്നും, പകരം ചില സാമൂഹ്യ നിയന്ത്രണങ്ങൾക്ക് വിധേയരാവാൻ മാനേജ്മെൻറുകൾ തയ്യാറായാൽ ഡയറക്ട് പേമെൻറ് നടപ്പിലാക്കാമെന്നും ഗവർമെണ്ട് പ്രഖ്യാപിച്ചു. ഗവർമെണ്ടിന്റെ ഈ നിലപാടിനെ 100% അനുകൂലിക്കുന്ന ഒരു നിലപാടാണ് ഈ പ്രശ്നത്തിൽ നാം സ്വീകരിച്ചത്.

ഫീസേകീകരണത്തെതുടർന്ന് വർഗ്ഗീയ സ്ഥാപിത താൽപര്യക്കാരായ ഭൂരിപക്ഷം മാനേജ്മെണ്ടുകളും കോളേജുകൾ അടച്ചിട്ട് വിദ്യാഭ്യാസരംഗത്ത് ഒരു പ്രതിസന്ധി സൃഷ്ടിച്ചു. സാമൂഹ്യസേവനം നടത്തുന്നു എന്ന് പെരുമ്പറയടിക്കുന്ന മാനേജ്മെണ്ടുകൾ കൂടുതൽ ഗ്രാൻറ് കിട്ടിയാലല്ലാതെ ഈ 'സേവനം' തുടരാൻ പററില്ലെന്ന് നിർലജ്ജം പ്രഖ്യാപിച്ചു. സർക്കാർ നിർദ്ദേശിച്ച സാമൂഹ്യനിയന്ത്രണങ്ങൾ തങ്ങൾക്കു ഭരണഘടനാദത്തമായ മൌലിക സ്വാതന്ത്രത്തിലുള്ള കൈകടത്തലാകുമെന്ന വാദവുമായി യാതൊരു സാമൂഹ്യ ഉത്തരവാദിത്വവുമില്ലാത്തമട്ടിൽ അവർ രണ്ടുമാസക്കാലം കോളേജുകൾ അടച്ചിട്ടു. ഈ ഘട്ടത്തിൽ ന്യൂനപക്ഷസമുദായങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചുനടത്തുവാൻ അനിയന്ത്രിതസ്വാതന്ത്ര്യം നൽകുന്ന ഭരണഘടനയിലെ 30 (1) വകുപ്പ് മാനേജ്മെണ്ടുകളെ സമൂഹത്തിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമാകത്തക്കവണ്ണം ഭേദഗതി ചെയ്യണമെന്നും പ്രൈവററ്കോളേജ് ജീവനക്കാർക്ക് ഡയരക്ട് പേമെണ്ട് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് AKPCTA സജീവമായി രംഗത്തുണ്ടായിരുന്നു. ആർട്ടിക്കിൾ 30 (1) ഭേദഗതിചെയ്യാനാവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ പ്രധാനമന്ത്രിക്കും കേരള മുഖ്യമന്ത്രിക്കും 3000ത്തോളം അദ്ധ്യാപകരുടെ ഒപ്പുകളുള്ള ഒരു ഭീമഹർജി സമർപ്പിച്ചു. വർഗ്ഗീയവും, മതപരവുമായ വി

കാരങ്ങളെ ഇളക്കിവിട്ടുകൊണ്ട് മതമേധാവികളും സമുദായിക നേതാക്കളും നടത്തിയ പ്രചരണങ്ങളേയും പ്രകടനങ്ങളേയും നേരിടുന്നതിനായി വിദ്യാർത്ഥി ബഹുജന സംഘടനകളുമായിയോജിച്ചുകൊണ്ട് വിവിധകർമ്മ പരിപാടികൾ എ. കെ. പി. സി. ടി. എ. ആവിഷ്കരിച്ചു നടപ്പിലാക്കി. മാനേജർമാരുടെ മർക്കടമുഷ്ടിമൂലം പ്രതിസന്ധി ദീർഘിപ്പിച്ചപ്പോൾ അതിനെ നേരിടാൻ ഗവർമെണ്ട് ആവിഷ്കരിച്ച ബദൽ ക്രമീകരണങ്ങളിൽ മാനേജർമാരുടെ ഭീഷണികളെയെല്ലാം അവഗണിച്ചുകൊണ്ട് അസോസിയേഷൻ സജീവമായി സഹകരിച്ചു. ബദൽ ക്രമീകരണങ്ങളുടെ ഭാഗമായി കേരള യൂണിവേഴ്സിററി ആവശ്യപ്പെട്ടതനുസരിച്ച് പേരുകൾ രജിസ്ററർ ചെയ്യുവാൻ നമ്മുടെ അംഗങ്ങളോട് അസോസിയേഷൻ ആഹ്വാനം ചെയ്തതിന്റെ ഫലമായി അദ്ധ്യാപകർ പേരുകൾ രജിസ്ററർ ചെയ്ത് ബദൽ ക്രമീകരണങ്ങളിൽ സഹകരിക്കുവാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. ഗ്രാൻട് കൂട്ടിക്കൊടുത്ത് പ്രശ്നം പരിഹരിക്കണമെന്നും മാനേജ്മെണ്ടുകളുടെ മേൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തരുതെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ ഒരു പ്രബല മാനേജ്മെണ്ട് പടച്ചുണ്ടാക്കിയ അദ്ധ്യാപക സംഘടനയുടെ പ്രവർത്തനങ്ങളേയും നമുക്ക് നേരിടേണ്ടിവന്നു.

ദീർഘമായ ഒത്തുതീർപ്പുശ്രമങ്ങളുടേയും കൂടിയാലോചനകളുടേയും ഫലമായി അദ്ധ്യാപക നിയമനത്തിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിലും ചില നിയന്ത്രണങ്ങൾക്കു വിധേയമായി 1972 സെപ്തമ്പർ 1-നു മുതൽ പ്രൈവററ് കോളേജ് ജീവനക്കാർക്ക് ഡയറക്ട് പേമെൻട് നടപ്പിലാക്കിക്കൊണ്ട് ഗവർമെണ്ട് മാനേജ്മെണ്ടുകളുമായി ഒത്തുതീർപ്പുണ്ടായി. അങ്ങിനെ ഒരു പ്രത്യക്ഷസമരം നയിക്കാതെ തന്നെ നമ്മുടെ കൂടെ സമരപ്രവർത്തനത്തിന്റെ ഫലമായി ഡയറക്ട് പേമെണ്ട് നമുക്ക് ലഭിച്ചു. ഡയറക്ട് പേമെണ്ട് നേടിയതിനോടൊപ്പം തന്നെ 1972 ൽ സർവ്വീസിലുള്ള അദ്ധ്യാപകർക്ക് സൂപ്പർ ന്യൂമററി പരിരക്ഷനേടിക്കൊടുക്കുവാനും നമുക്ക് സാധിച്ചു എന്നത് കൂടി ഇവിടെ ഓർക്കേണ്ടതുണ്ട്.

ഈ സമരത്തിന്നുശേഷം എൻ. എസ്. എസ്. മാനേജ്മെൻറ് ഈ ലേഖകനടക്കമുള്ള AKPCTA പ്രവർത്തകരെ കേരളാ യൂണിവേഴ്സിററിയുടെ അധികാരപരിധിയിൽ നിന്ന് നിയമാധിഷ്ഠിത പരിരക്ഷകളില്ലാതിരുന്ന കോഴിക്കോട് യൂണിവേഴ്സിററിയുടെ കീഴിലുള്ള കോളേജുകളിലേക്ക് അനാവശ്യമായി പ്രതികാരബുദ്ധിയോടെ സ്ഥലം മാററി. അദ്ധ്യാപകർ അതിനെ ചെറുത്തു. യൂണിവേഴ്സിററിയുടെയും ഗവർമ്മെണ്ടിന്റെയും സഹായം ന്യായമായും അവർ പ്രതീക്ഷിക്കുകയും ചെയ്തു. സത്യാഗ്രഹമുറപ്പെടെയുള്ള സമരമാർഗ്ഗങ്ങളിലൂടെ മൂന്നുമാസം സ്ഥലമാററത്തെ ചെറുത്തുനിന്നു. മാനേജ്മെണ്ട് നടപടികൾക്കെതിരായി ഹൈക്കോടതിയിൽ റിട്ട് ഫയൽചെയ്തു. പ്രതീക്ഷിച്ച കേന്ദ്രങ്ങളിൽ നിന്ന് ഫലപ്രദമായ സഹായം ലഭിക്കാതെ വന്നപ്പോൾ, റിട്ടിന്റെ വിധിക്ക് വിധേയമായി മൂന്നുമാസത്തിനു ശേഷം സ്ഥലം മാററപ്പെട്ട കോളേജുകളിൽ ജോലിയിൽ പ്രവേശിച്ചു. ഈ മൂന്നുമാസക്കാലം പകുതിശമ്പളമായിട്ടാണ് യൂണിവേഴ്സിററിയുടെ മറിച്ചുള്ളശുപാർശകൾ ഉണ്ടായിട്ടുപോലും സർക്കാർ കണക്കാക്കിയത്. കേസിന്റെ വിധിയും പ്രതികൂലമായിവന്നു. അങ്ങിനെ മൂന്നുമാസത്തെ പകുതി ശമ്പളം ഈ ആറ് അദ്ധ്യാപകർക്കും നഷ്ടപ്പെട്ടു.

## യു. ജി. സി. സ്കെയിൽ

യു. ജി. സി. നിർദ്ദേശിച്ച ശമ്പള സ്കെയിൽ നടപ്പാക്കാത്തതു കേരളത്തിൽ മാത്രമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ബി. ശങ്കരാനന്ദ് ലോകസഭയിൽ പറഞ്ഞു. എ. കെ. ബാലൻ. എം. പി. യുടെ ഒരു ചോദ്യത്തിനു മറുപടി പറയുകയായിരുന്നു മന്ത്രി. കർണ്ണാടകത്തിലും ജമ്മു—കാശ്മീരിലും യൂണിവേഴ്സിററി അധ്യാപകർക്കുമാത്രമേ പുതിയ സ്കെയിൽ നടപ്പാക്കിയിട്ടുള്ളൂ. മററു സംസ്ഥാനങ്ങളിലെല്ലാം ഇതു നടപ്പാക്കിയിട്ടുണ്ട്.

യു. ജി. സി. നിർദ്ദേശം കേന്ദ്രസഹായത്തോടെ ഈ സംസ്ഥാനങ്ങൾ ഏതാണ്ട് മിക്കവാറും നടപ്പാക്കിയിട്ടുണ്ട്. ചില്ലറമാററങ്ങൾ ചില സംസ്ഥാന ഗവൺമെൻറുകൾ വരുത്തിയിട്ടുണ്ട്.

എ. കെ. പി. സി. ടി. എ., പ്രീഡിഗ്രി തലത്തിൽ ആറു വിഷയങ്ങൾക്കു തയാറാക്കിയ സിലബസ് കേരള–കോഴിക്കോട് യൂണിവേർസിറ്റികൾക്കു നൽകിക്കഴിഞ്ഞു. സംഘടന ഏറ്റെടുത്ത ശ്രമകരമായ ഈ ജോലി വിജയപ്രദമാക്കാൻ കഴിഞ്ഞതിൽ അഭിമാനത്തിനു വകയുണ്ട്. ഇരു യൂണിവേർസിറ്റികളും ഇക്കാര്യത്തിൽ നമുക്കുതന്ന സഹായം നന്ദിപൂർവ്വം ഓർക്കുന്നു.

‘ജേർണലിന്റെ ഈ ലക്കം ഹിസ്റ്ററി സിലബസ് പ്രസിദ്ധീകരിക്കുന്നു. തുടർന്നുള്ള ലക്കങ്ങളിൽ മറ്റു വിഷയങ്ങൾക്കുള്ളതും വായിക്കാം.

# SYLLABUS IN PRE-DEGREE HISTORY

**Introduction:**

Of all the disciplines of study at the University level, History alone, has remained without substantial alterations. There has been of late, much stress on the revolutionary impact of historical studies in social progress. None of the less, hardly had there been any conscientious move to reconstruct the syllabus to the need of the times. It is particularly so in the case of the History of India. The History of India, taught in Schools and Colleges, survives as the living monument of the colonial legacy.

The teacher in History is baffled particularly by the monotony of repetition of the school syllabus. The students seem to feel it an exercise in futility, as they get nothing to provoke their curiosity and enrich their knowledge in the subject. To them, History repeats itself at all times at all levels, unlike the sister disciplines. Under the circumstances, the reorganisation of the Syllabus would appear imperative.

The proposed syllabus is purported to initiate the students at the Pre-Degree level into new realms of historical studies in relation to India. The primary objectives are:-

1) To raise the teaching of History from the present narrative style and dynastic deposition to the level of an integrated study of the evolution of history and culture.

2) To make the students familiar with the basic trends and determining forces in historical development.

3) To promote the right type of national consciousness.

4) To help inculcate a scientific spirit in historical studies and to foster historical sense.

Students may be encouraged to collect historical specimens and go on study tours to places of historical importance.

**The History of India:**

1) The significance of the study of History - a brief analysis of the objectives, tools or sources and relevance of historical study in national development with particular reference to modern India (Short Essay)

2) The Geographical setting and its impact on India's History and Cultrue-Migration and movement of communities in various periods. Emergence of regional societies and uneven development of culture-the evolution of a composite culture.

3) Material cultures in the pre-historic and proto - historic period, Paleolithic, Neolithic and Chalcolithic cultures, evolution of agriculture (Short essay)

4) Transition to the urban culture in the Harappan period - Indus culture, origin, character, extent and decline.

5) Evolution of Indo-Aryan society-The advent or the Aryans and their relations with early settlers - The historical value of the Vedic literature and epics (Short essay)

Transition from the tribe to the State-Nature of society and economy - Caste and development of slavery - eligion.

6) The religious movements in the sixth century B. C. (Short essay). Jainism and Budhism-Material conditions favouring their rise and growth, rise of cities and states, consolidation of trading caste, spread of coinage, social and economic conflicts etc. - castes in relation to the new creeds- The importance and influence of Budhism.

7) The evolution of the Magadhan empire – The political condition of India in the sixth centnty B. C. (Short essay). The effects of the Iranian and Macedonian invasions - The rise of the Mauryas, Chandraguptha Maurya and Kautilya (Short essay)-Asoka, Conquest of Kalinga, conversion to Budhism, Missionary activities, Edicts, location, contents and significance–Administration and political ideals–Significance of the Maurya rule–Decline.

8) Commercial and political contacts of India with Central Asia. The Indo-Greeks, the Sakas, the Parthians, the Kushans – Influence on Indian culture and polity.

9) The Deccan and South India – The Satavahanas society, economy and polity–The South Indian Kingdoms during the Sangam age with emphasis on social, economic, political and religious conditions.

10) The rise of the Gupta empire-Samudraguptha, conquest and Allahabad pillar inscription (Short essay) Chandraguptha II (Short essay) – Administration, Social and economic conditions, cultural achievements and Hindu revival–Decline-Harsha, The Chalukyas and the Pallavas.

11) The emergence of regional states in the north and south - The

Rastrakutas, Gurjara–Pratiharas, Palas, Senas; The Chola, The Chera and Pandya Kingdoms (Short essay)

12) Spread of Indian Culture in central and South east Asia – Burma, Indo–China, Indonesia, Ceylon, Malaya, etc.

13) Legacy of India – Philosophy, religion, literature, science, technology, art etc.

14) The Transformation of classical society–Decline of the Socio–Economic order from the 5th to 7th century – Political frangmentation, emergence of of the system of land grants and assignment of revenue. The growth of feudal nobility and reorganisation of agrarian economy–New patterns of trade–crystalisation of the caste structure and spread of Sanskritic influence–Temple societies in the south–New religious movement, rise of regional scripts and literature–Charactor of the Indian society on the eve of the Turkish conquest.

**The History of India Paper II**

1. The advent of Islam as a political force and as a challenge to Hindu social and economic system–The Turkish state Administration (Short essay)

2. The muslim expansion under the Khiljis and Tughluks.

3) The struggle between the Vijaya–nagar and the Bahminis.

4) The establishment of the Mughal empire–Babur's military techniques and consolidation of administrative patterns in different regions (Short essay)

5) The Afgan interlude–Shershah, Administration and revenue policy.

6) The restoration of the Mughal power and the expansion under Akbar–centralisation through the Mansabdari system–administrative and religious policies–The Din Ilahi.

7) Mughal expansion in Deccan–Aurangazeb's Deccan Policy (Short essay) –Rise of the Marattas, Sivaji–The Decline of the Mughal empire.

8) Cultural achievements of the Mughals–literature, art, architecture etc.

9) European enterprise in India in the 16th and 17th centuries–Nature of trade relations–The Portuguese and Dutch policies and impact on the social and political conditions of Kerala in the 16th and 17th centuries.

10) The English East India Company-Evolution as a territorial power in the 18th century–The Carnatic wars and the conquest of Bengal–the new economic forms introduced by trade.

11) The establishment of British paramountly in India through conquests–subsidiary alliance and Doctrine of Lapse–an integrated study.

12) The consolidation of economic power by the British–Trade policy, Land revenue policy, Permanent settlement etc.– De–Industrialisation – subordination of Indian economy to the colonical interests of Britain.

13) Local resistance to the British rule - civil rebellions - Oudh, Benares, Panjab, Maharastra, Mysore, Madras, Kerala - rebellion of Pazhassi Raja, Velu Thampi - causes of and nature of the revolts-Revolt of 1857.

14. India under the crown - proclamation of Queen Victoria (Short essay)—British Policy since the revolt – Indian representation in the central, Provincial and local Governments from 1861 to 1909 and 1919 to 1935-Educational and social reforms, objectives and nature– Economic policy.

15) National Resurgence–Re-discovery of the past-social movements, Arya Samaj, Brahma-Samaj-Swami Vivekananda -Economic movement rise of the middle class–factory system-resistence to British exploitation. Peasant revolts, Swadeshi movement-The foundation of the Indian National Congress.

16) Struggle for freedom-The appeals constitutional reforms – Gopalakrishna Gokhalae, servants of India Society – Demand for Swaraj B. G. Tilak and Annie Besant-Home rule movement–The rise of extremism and terrorism–British response to the demand, The acts of 1909 and 1919-The civil Disobedience, Khilafat and Non–Cooperation movements – Mahatma Gandhi, his role and contribution-Social uplift movements-Peasants' and Workers' movement-The Government of India act of 1935–The Quit India movement – The Indian National army – and Subhash Chandra Bose – The Naval Mutiny - The Declaration of Independence.

17) India divided – Integration of states to the Indian Union-Sardat Vallabhai Patel–The Rise of the Indian Republic - Jawaharlal Nehru, political and economic policies – International relations.

**Prescribed Text Books**

1. R. S. Sarma–Ancient India (NCERT)
2. D. N. Jha–Ancient India in Historical outline (PPH)
3. Satish Chandra–Medieval India Part I & Part II (NCERT)
4. Bipin Chandra – Modern India (NCERT)
5. Majundar, Dutt and Ray Chaudhari–An Advanced History of India.



## പ്രൊഫ. ടി. വി. ജോർജ് അന്തരിച്ചു.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് കൊമേഴ്സ് വിഭാഗത്തിലെ അധ്യാപകനായിരുന്ന പ്രൊഫ. ടി. വി. ജോർജ് കഴിഞ്ഞ മേയ് 20–ാം തീയതി നൈജീരിയയിൽവച്ച് അന്തരിച്ചു.

പ്രൊഫ. ജോർജിന്റെ അകാലചരമത്തിൽ, എ. കെ. പി. സി. ടി. എ. ക്രൈസ്റ്റ് കോളേജ് യൂണിറ്റും, ജില്ലാ കമ്മിറ്റിയും, സ്റ്റേറ്റ് കമ്മിറ്റിയും അനുശോചനം രേഖപ്പെടുത്തി.

For Comfortable Stay

# KAYCEES

**the most modern and luxurious lodge**

Y. M. C. A. Road

KOTTAYAM

Phone : 3440

കോഴിക്കോട് യൂണിവേർസിററി സിൻഡിക്കേററിന്റെ ആദ്യയോഗം സ്ററാൻറിംഗ് കമ്മററികൾ രൂപീകരിച്ചു. ഫൈനാൻസ് കമ്മിററി കൺവീനർ പ്രൊഫ. ആർ. ആർ. സി. യും ടീച്ചിംഗ് ആൻറ് നോൺ ടീച്ചിംഗ് സ്ററാഫ് കമ്മിററി കൺവീനർ പ്രൊഫ. വി. നാരായണൻകുട്ടിയുമാണ്.

kerala private college teacher

Vol. 3
No. 19

Registered. No: KL TV

കേരള പ്രൈവററ് കോളേജ് ടീച്ചർ

എ. കെ. പി. സി. ടി. എ. ജേർണൽ

printed and published by prof. v. narayanan kutty, at chempaka printers, trivandrum-4
chief editor: v. n. murali.